**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5020** **01-11-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുണ്ടറ മണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ കകാലയളവിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾക്ക് ഫണ്ട് അനുവദിച്ച ഏതെങ്കിലും പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതായിട്ടുണ്ടോ; എങ്കിൽ എതൊക്കെ വില്ലേജുകളാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-21 കാലയളവിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തഴുത്തല വില്ലേജ് ഓഫീസിനെയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കിയിട്ടുള്ളത്. കൂടാതെ ടി കാലയളവിൽ സ്മാർട്ട് വില്ലേജ് ഓഫീസായി പുനർ നിർമ്മിക്കുന്നതിന് എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച ഇളമ്പള്ളൂർ വില്ലേജ് ഓഫീസിന്റെ നിർമ്മാണം നടന്നു വരികയാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ